"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശ സ്വയംഭരണ വകുപ്പ് - വാതിൽപ്പടി സേവനം പദ്ധതി - സംസ്ഥാനതല സെൽ രൂപീകരിച്ച് ഉത്തരവാകുന്നു.

---

തദ്ദേശ സ്വയംഭരണ (ഇഡബ്ല്യൂബി) വകുപ്പ്

സ.ഉ.(സാധാ) നം.1852/2021/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 25/09/2021

---

പരാമർശം:- 1) 31.05.2021-ലെ സ.ഉ (സാധാ) നം. 1066/2021/തസ്വഭവ നം. സർക്കാർ ഉത്തരവ്.

2) 24.08.2021- ലെ സ.ഉ (സാധാ) നം. 1607/2021/തസ്വഭവ നം.സർക്കാർ ഉത്തരവ്.

3) 22.09.2021- ലെ സ.ഉ (സാധാ) നം.1821/2021/തസ്വഭവ നം.സർക്കാർ ഉത്തരവ്.

4) വാതിൽപ്പടി സേവന പദ്ധതി സംസ്ഥാനതല കോ-ഓർഡിനേറ്റർ സമർപ്പിച്ച 02.09.2021-ലെ കറിപ്പ്.

<u>ഉത്തരവ്</u>

വിവിധ കാരണങ്ങളാൽ സർക്കാർ സേവനങ്ങൾ യഥാസമയം ലഭ്യമാകാത്ത ജനവിഭാഗങ്ങളുടെ വീട്ടുകളിലേക്ക് സേവനങ്ങൾ എത്തിക്കുന്നത് ലക്ഷ്യമിട്ട് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേനെ നടപ്പിലാക്കുന്ന വാതിൽപ്പടി സേവനം പദ്ധതി സംബന്ധിച്ച മാർഗ്ഗരേഖകൾ പരാമർശത്തിലെ സർക്കാർ ഉത്തരവുകൾ പ്രകാരം അംഗീകരിച്ചിട്ടുള്ളതും പദ്ധതി നിർവ്വഹണത്തിന്റെ സംസ്ഥാനതല ഏകോപനത്തിനായി പരാമർശം 2-ലെ ഉത്തരവ് പ്രകാരം ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറെ പദ്ധതിയുടെ സംസ്ഥാനതല കോ-ഓർഡിനേറ്ററായി ചുമതലപ്പെടുത്തിയിട്ടുള്ളതുമാണ്. പദ്ധതി സംസ്ഥാന തലത്തിൽ ഏകോപിപ്പിക്കുന്നതിനും പദ്ധതി നടത്തിപ്പിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനും സംസ്ഥാന തലത്തിൽ ഒരു സെൽ രൂപീകരിക്കുവാനഭ്യർത്ഥിച്ച് പരാമർശം- 4 പ്രകാരം സംസ്ഥാന കോ-ഓർഡിനേറ്റർ സർക്കാരിൽ ശിപാർശ സമർപ്പിച്ചു.

വാതിൽപ്പടി സേവന പദ്ധതി നടത്തിപ്പിന്റെ സംസ്ഥാനതല ഏകോപന, മേൽനോട്ട ചുമതലകൾ നിർവ്വഹിക്കുന്നതിനായി സംസ്ഥാനതല കോ-ഓർഡിനേറ്ററുടെ നേതൃത്വത്തിൽ താഴെ പറയുന്ന ഉദ്യോഗസ്ഥരെ വർക്കിംഗ് അറേഞ്ച്മെൻറ് വ്യവസ്ഥയിൽ ഉൾപ്പെടുത്തി സംസ്ഥാനതല

സെൽ രൂപീകരിച്ച് ഉത്തരവാകുന്നു.

| | | |
|---|---|---|
| 1 | ജോയിന്റ് കോഓർഡിനേറ്റർ | ശ്രീ.ബിനുൻ വാഹിദ്,ജോയിന്റ് ഡയറക്ടർ,പഞ്ചായത്ത് ഡയറക്ടറേറ്റ് |
| 2 | പ്രോഗ്രാം മാനേജർ | ശ്രീ.ഹരികൃഷ്ണൻ,അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്,പഞ്ചായത്ത് ഡയറക്ടറേറ്റ് |
| 3 | പ്രോഗ്രാം മാനേജർ | ശ്രീ.അനീഷ് കുമാർ.എം.എസ്.പ്രോജക്ട് മാനേജർ (SVEP), കുടുംബശ്രീ |
| 4 | പ്രോഗ്രാം മാനേജർ | മനോജ്.വി.എസ്.സീനിയർ സൂപ്രണ്ട്, നഗരകാര്യ ഡയറക്ടറേറ്റ് |
| 5 | അസിസ്റ്റന്റ് | ഷൈൻ . വി,സീനിയർ ക്ലാർക്ക് ,പഞ്ചായത്ത് ഡയറക്ടറേറ്റ് |

50 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പൈലറ്റ് അടിസ്ഥാനത്തിൽ ആരംഭിച്ചിട്ടുള്ള പദ്ധതി, കുറഞ്ഞ കാലയളവിനുള്ളിൽ സംസ്ഥാന വ്യാപകമായി പൂർണ്ണതോതിൽ നടപ്പാക്കേണ്ട സാഹചര്യം പരിഗണിച്ച് മറ്റൊരു ഘടനയിൽ സെൽ രൂപീകരിക്കുന്നതുവരെയുള്ള കാലയളവിലേയ്ക്ക് ഒഴിവാക്കാനാകാത്ത മറ്റ് തസ്തികകളിലും പഞ്ചായത്ത്, ഗ്രാമവികസനം, നഗരകാര്യം, എന്നീ വകുപ്പുകളിൽ നിന്ന് പദ്ധതി വിഷയത്തിൽ താത്പര്യവും പരിചയ സമ്പന്നതയുമുള്ള ഉദ്യോഗസ്ഥരെ വർക്കിംഗ് അറേഞ്ച്മെൻറ് വ്യവസ്ഥയിൽ തത്കാലം നിയമിച്ച് സെൽ പ്രവർത്തിപ്പിക്കുന്നതാണ്. സെൽ പ്രവർത്തനക്ഷമമാക്കുവാൻ ആവശ്യമായ നടപടികൾ സംസ്ഥാന കോ-ഓർഡിനേറ്റർ നിർവ്വഹിക്കുന്നതാണ്. ആരോഗ്യം, സാമൂഹ്യക്ഷേമം, വനിതാ ശിശു ക്ഷേമം

എന്നി വകുപ്പുകളിലെ താൽപര്യമുള്ള ഉദ്യോഗസ്ഥരുടെ സേവനം ജില്ലാ സെല്ലിന് ലഭ്യമാക്കാൻ ജില്ലാ കളക്ടർമാർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ശാരദ മുരളീധരൻ ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

സി.ഇ.ഒ, ലൈഫ് മിഷൻ

പഞ്ചായത്ത് ഡയറക്ടർ

നഗരകാര്യ ഡയറക്ടർ

ഗ്രാമവികസന കമ്മീഷണർ

ആരോഗ്യ വകുപ്പ് ഡയറക്ടർ

വനിതാ ശിശു വികസന ഡയറക്ടർ

സാമൂഹ്യ നീതി ഡയറക്ടർ

ഡയറക്ടർ, സാമൂഹികസന്നദ്ധ സേന

ഡയറക്ടർ, അക്ഷയ

എക്സിക്യൂട്ടീവ് ഡയറക്ടർ, IKM

ഡയറക്ടർ ജനറൽ, കില

ഡയറക്ടർ, പൊതുജന സമ്പർക്ക വകുപ്പ്

ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ, കേരള

ആരോഗ്യ വകുപ്പ്

വനിതാ ശിശു വികസന വകുപ്പ്

സാമൂഹ്യ നീതി വകുപ്പ്

ധനകാര്യ വകുപ്പ്

വെബ് & ന്യൂമീഡിയ(സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് വേണ്ടി)

ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ